34173/FIN-INT.AUDIT-2/2020/Fin 13.09.2021

# യൂണിവേഴ്‌സിറ്റി ഓഫ് കാലിക്കറ്റ്

## ആഭ്യന്തര കണക്കുപരിശോധന വിഭാഗം (ഫിനാൻസ് ബ്രാഞ്ച് )

### ഓഡിറ്റ് റിപ്പോർട്ട് 2021 എൻ.എസ്.എസ് ഡിപ്പാർട്മെൻറ്

കോഓർഡിനേറ്റർ : ഡോ .എം .പി. മുജീബ് റഹ്മാൻ.

അസിസ്റ്റന്റ് റജിസ്ട്രാർ : ബിജു .ടി

**ഓഡിറ്റ് അംഗങ്ങൾ**

ഓഡിറ്റ് ഓഫീസർ: ജിൻമേഷ് .കെ

ഓഡിറ്റർ: പ്രശാന്തൻ കാടയാൻ കണ്ടി

ആഭ്യന്തര കണക്കുപരിശോധന വിഭാഗം,ഫിനാൻസ് ഓഫീസറുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 11.08.2021 & 12.08.2021എന്നീ തിയ്യതികളിലായി എൻ.എസ്.എസ്.വകുപ്പിൽ കണക്കു പരിശോധന നടത്തിയിരുന്നു.അതിന്റെ കണ്ടെത്തലുകൾ താഴെ കൊടുക്കുന്നു.(എൻ .എസ് .എസ് വകുപ്പിലെ വരവ് കണക്കിന്മേലുള്ള വിഷയവുമായി ബന്ധപ്പെട്ട് 27 .10 .2020 ന് വകുപ്പിൽ കണക്കെടുപ്പ് നടത്താൻ നിശ്ചയിച്ചിട്ടുണ്ടായിരുന്നു എന്നാൽ കോവിഡ് മഹാമാരി അതിതീവ്രമായതിനാൽ കണക്കെടുപ്പ് നടത്താൻ സാധിച്ചിരുന്നില്ല )

**1**.കാഷ് ബുക്ക്

എൻ. എസ് .എസ് വകുപ്പിൽ കാഷ് ബുക്ക് നീക്കിയിരിപ്പ് ബാങ്ക് കണക്കുമായി വർഷങ്ങളായി പൊരുത്തപ്പെടുത്തുന്നില്ല എന്നതാണ് മിക്കപ്പോഴുമുള്ള ഓഡിറ്റ് തടസ്സവാദത്തിന് കാരണം. 2018 - 2019 സാമ്പത്തികവർഷം മുതൽ കാഷ് ബുക്കിലെയും പാസ്സ്ബുക്കിലെയും തുകകൾ തമ്മിൽ പൊരുത്തപ്പെടുത്തിയിട്ടുണ്ടെങ്കിലും അത് കൃത്യമായ രീതിയിലല്ല.അതിനുള്ള പ്രധാന കാരണം താഴെപ്പറയുന്നതാണ് .
മുൻവർഷങ്ങളിൽ വകുപ്പിലെ ധനവിനിയോഗം എൻ .എസ് .എസ് കോഓർഡിനേറ്ററുടെ പേരിലുള്ള എസ് ബി ടി തേഞ്ഞിപ്പലം ശാഖ യിലെ 57018247493 നമ്പർ അക്കൗണ്ട് വഴിയാണ് നടത്തിവന്നിരുന്നത് . ധനവിനിയോഗം നിലച്ചതും ആക്റ്റീവുമല്ലാത്ത പ്രസ്തുത അക്കൗണ്ടിൽ 31 .12 .2012 ന് **3,61,935** /-രൂപ നീക്കിയിരിപ്പായിട്ടുണ്ടെന്നു വകുപ്പ് അവകാശപ്പെടുന്നു.

31 .12 .2012 മുതൽ എൻ. എസ്. എസ് .എ ആറിന്റെ പേരിൽ പുതിയ ബാങ്ക് അക്കൗണ്ട് ആരംഭിക്കുകയും കാഷ് ബുക്കിൽ പഴയ ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് തുകയായ 3,61,935/- രൂപ (Opening Balance)രേഖപ്പെടുത്തുകയും,ശേഷം എല്ലാ ധനവിനിയോഗങ്ങളും 31.12.2012 മുതൽ ഇപ്പോൾ പ്രാബല്യത്തിലുള്ള എ. ആർ, എൻ. എസ്. എസ് ന്റെ പേരിലുള്ള 67206574838 നമ്പർ അക്കൗണ്ട് വഴി നടത്തിവരുകയും ചെയ്യുന്നു. ആയതിനാൽ വർഷാവർഷം തുകകൾ തമ്മിൽ പൊരുത്തപ്പെടുത്തുമ്പോൾ മുൻഅക്കൗണ്ട് തുകയായ 3,61,935 /-രൂപ കാഷ് ബുക്കിൽ മാത്രം അധികമായി ഉണ്ടായിരിക്കേണ്ടതാണ്. പലിശയിനത്തിൽ ലഭിക്കുന്ന തുകകൾ കാഷ് ബുക്കിൽ യഥാസമയം വരവ് വയ്ക്കുന്നതിൽ വീഴ്ചവരുത്തിയതിനാൽ കാഷ് ബുക്കിലെയും ബാങ്ക് പാസ്സ്ബുക്കിലെയും തുകകൾ തമ്മിൽ പൊരുത്തപ്പെടുത്താൻ സാധിക്കുന്നുമില്ല . അതുകൊണ്ടുതന്നെ 2018 -2019 സാമ്പത്തിക വർഷം മുതൽ ക്യാഷ്ബുക്കും ബാങ്ക് പാസ്സ്ബുക്കും തമ്മിൽ പൊരുത്തപ്പെടുത്തിയി യുട്ടെങ്കിലും അത് ശരിയാംവിധമല്ല .

ആയതിനാൽ 31.12.2012 തീയതി മുതലുള്ള ബാങ്ക് പാസ്സ്ബുക്കിലേയും കാഷ്ബുക്കിലെയും തുകയുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ താഴെപ്പറയുന്ന പ്രകാരം തയ്യാറാക്കുകയും ,പലിശയിനത്തിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടതും ,നിഷ്ക്രീയമായ മറ്റു തുകകളും തിട്ടപ്പെടുത്തുകയും വേണം. നിർജ്ജീവമായികിടക്കുന്ന ബാങ്ക് അക്കൗണ്ട് സജീവമാക്കേണ്ടതും അതിൽ നിലവിലുള്ള തുകയുംവരവുചെയ്യപ്പെടുന്ന പലിശയും പ്രത്യേകമായി കാണിക്കേണ്ടതുമാകുന്നു. എന്നാൽ മാത്രമേ ശരിയായ രീതിയിലുള്ള പൊരുത്തപ്പെടുത്തൽ സാധ്യമാകുകയുള്ളൂ.വകുപ്പിലെ ധനമിടപാടുകൾ ത്രീ കോളം കാഷ് ബുക്ക് (three column cash book) രീതിയിലേക്ക് മാറ്റേണ്ടതും, എല്ലാ മാസാന്ത്യവും കാഷ് ബുക്കിലെയും ബാങ്ക്പാസ്സ് ബുക്കിലെയും തുകകൾ കൃത്യമായ രീതിയിൽ പൊരുത്തപ്പെടുത്തി സൂക്ഷിക്കേണ്ടതുമാകുന്നു.

**സാമ്പത്തികവർഷക്രമത്തിൽ ഇനം തിരിച്ച് ലഭ്യമാക്കേണ്ട വിവരങ്ങൾ.**

I.കോഓർഡിനേറ്ററിന്റെ പേരിലുള്ള മുൻ അക്കൗണ്ടിലെ നീക്കിയിരിപ്പ് തുകയുടെ വിവരം

IIപ്രസ്തുത അക്കൗണ്ടിൽ പലിശയിനത്തിൽ ലഭിച്ച തുക

III.എൻ.എസ്.എസ്. എ.ആർ.ന്റെ പേരിലുള്ള അക്കൗണ്ടിൽ 2012-2013 സാമ്പത്തിക

വർഷത്തിൽ 31.12.2012 മുതൽ നടപ്പുസാമ്പത്തികവർഷം വരെ അക്കൗണ്ടിൽ

ക്രെഡിറ്റ് ചെയ്യപ്പെട്ട പലിശയുടെ വിവരം

IV.ബാങ്ക് ചാർജ് ഇനത്തിൽ പിൻവലിക്കപ്പെട്ട തുകയുടെ വിവരം
V.പണമായി മാറാത്ത(അൺക്ലെയിംഡ് ) ചെക്കിന്റെ വിവരം
VI.എൻ എസ് എസ് യൂണിറ്റുകൾക്ക് നൽകിവരുന്ന മുൻകൂർ തുകയിൽ

ക്രമീകരിച്ചിട്ടില്ലാത്ത തുകയുടെ വിവരം

VII.ക്രമപ്പെടുത്താത്ത മറ്റു തുകയുണ്ടെങ്കിൽ അതിന്റെ വിവരം

**2)**എൻ എസ് എസ് യൂണിറ്റുകൾക്ക് നൽകിവരുന്ന മുൻകൂർ തുക സാമ്പത്തികവർഷം അവസാനത്തിലാണ് അനുവദിക്കപ്പെടുന്നത് അത്കൊണ്ടുതന്നെ അത് നടപ്പ സാമ്പത്തികവർഷത്തിൽ തന്നെ വിതരണം ചെയ്യാനും ക്രമപ്പെടുത്താനും സാധിക്കാതെ വരുന്നു.
**3)**ഓഡിറ്റ് തടസ്സവാദം രേഖപ്പെടുത്തുന്ന രജിസ്റ്റർ : വകുപ്പിൽ സൂക്ഷിച്ചു കാണുന്നില്ല .അത് പരിശോധനക്ക് ലഭ്യമാക്കിയില്ല.
**4)**ഇങ്കുംബെന്റ് രജിസ്റ്റർ : ഓരോ കാലയളവിലും വകുപ്പിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വിവരങ്ങൾ അടങ്ങുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
**5)**സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട് അപാകതകളില്ല.
**6)**ചെക്ക് ഇഷ്യൂ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട് : ചെക്ക് ഇഷ്യൂ ചെയ്യുന്ന തീയതി കാഷ് ബുക്കിൽ രേഖപ്പെടുത്തിക്കാണുന്നില്ല.
**7)**പി എ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട് : അപാകതകളില്ല.
**8)**കണ്ടിൻജന്റ് ബിൽ രജിസ്റ്റർ: സൂക്ഷിക്കുന്നുണ്ട് ,അപാകതകളില്ല
**9)**അപ്പ്രോപ്രിയേഷൻ രജിസ്റ്റർ : സൂക്ഷിക്കുന്നുണ്ട് ,അപാകതകളില്ല

ആയതിനാൽ ക്രമ നമ്പർ 1,3,4,6 വരെ പ്രതിപാദിച്ചിട്ടുള്ള ഓഡിറ്റ് തടസ്സവാദങ്ങൾക്കുള്ള മറുപടി റിപ്പോർട്ട് കിട്ടിയ തിയതി മുതൽ നാലാഴ്ച്ചക്കുള്ളിൽ ഇന്റേർണല് ഓഡിറ്റ് ഓഫീസർക്ക് നൽകണം .

Jugal Kishor K
Finance Officer